**ആരോഗ്യവകുപ്പ്ഡയറക്ടറുടെ നടപടിക്രമം**

വിഷയം:- ആവഡ-ജീവനക്കാര്യം –പൊതുസ്ഥലംമാറ്റം 2026–അസിസ്റ്റന്റ് ലെപ്രസി ഓഫീസർ തസ്തികയിലെ കരട് പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1.ഉത്തരവ് (പി) നം.3/2017/ഉ.പ.ഭ.വ. തീയതി.25/02/2017
2.സ.ഉ.(സാധാ)നം. 1097/2026/ആ.കു.വ തീയതി.14/03/2026
3.സർക്കുലർ നം. ഇ.എച്ച് 1-31371/2025/ആവഡ. തീയതി.13/04/2026
4.ജീവനക്കാർ സ്പാർക്ക് മുഖേന സമർപ്പിച്ച അപേക്ഷകൾ

**ഉത്തരവ് നം.ഇ ജി2-11809/2026/ആ.വ.ഡ തീയതി02-06-2026**

മേൽ പരാമർശ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിലെ 2026-ലെ പൊതുസ്ഥലംമാറ്റം നടപ്പിലാക്കുന്നതിനായി ഓൺലൈൻ മുഖാന്തിരം അപേക്ഷകൾ ക്ഷണിച്ചിരുന്നു. എന്നാൽ അപ്രകാരമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്പാർക്ക് മുഖേന ലഭ്യമായ അസിസ്റ്റന്റ് ലെപ്രസി ഓഫീസർ തസ്തികയിലെ കരട് പട്ടിക പരിശോധിച്ചതിൽ ടി തസ്തികയിലെ ജീവനക്കാർ ആരും തന്നെ പരാമർശം 1,2,3 ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പൊതുസ്ഥലംമാറ്റ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് അർഹരായി കാണുന്നില്ല. ആയതിനാൽ അസിസ്റ്റന്റ് ലെപ്രസി ഓഫീസർ തസ്തികയിൽ പൊതുസ്ഥലംമാറ്റ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് അർഹരല്ല എന്ന നിഗമനത്തിൽ ടി വിഷയത്തിലുള്ള തുടർനടപടികൾ അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഇപ്രകാരമുള്ള ഉത്തരവിന്മേൽ എന്തെങ്കിലും പരാതി/ആക്ഷേപം ഉള്ളവർക്ക് ഹർജി തയ്യാറാക്കി സ്ഥാപനമേധാവി മുഖാന്തിരം അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് 04/06/2026-ന് വൈകുന്നേരം 5.00 മണിക്ക് മുൻപായി നൽകേണ്ടതാണ്. ജില്ലാ മെഡിക്കൽ ഓഫീസർമാർ ഹർജികൾ പരിശോധിച്ച് അഭിപ്രായക്കുറിപ്പ് സഹിതം 08/06/2026-ന് വൈകുന്നേരം 5.00 മണിയ്ക്ക് മുൻപായി ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. നിശ്ചിത സമയപരിധിയ്ക്ക് ശേഷം ലഭിക്കുന്ന ഹർജികൾ പരിഗണിക്കുന്നതല്ല.

ജില്ലാ മെഡിക്കൽ ഓഫീസർമാർ യഥാസമയം ഹർജികൾ സമർപ്പിക്കാത്തതു കാരണം ഏതെങ്കിലും ഉദ്യോഗസ്ഥർ ഒഴിവാക്കപ്പെടുകയാണെങ്കിൽ ആയത് സംബന്ധിച്ച പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർക്കായിരിക്കും.

Digitally signed by
Reetha K P
Date: 02-06-2026
18:49:39

DR. REETHA. K.P
ADDITIONAL DIRECTOR OF HEALTH SERVICES
ആരോഗ്യവകുപ്പ്ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്:-

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്:-

1.എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
2.ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്കും

3.ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്
4.ഫയൽ/കരുതൽ ഫയൽ